## ഒരു അനുബന്ധ പഠനം

# പുതിയ നിയമത്തിൽ പഴയ നിയമം

ഓവെൻ ഡി. ഓൾബ്രൈറ്റ്

*"അവനോ വിശേഷതയേറിയ വാഗ്ദത്തങ്ങളിന്മേൽ സ്ഥാപിക്കപ്പെട്ട നിയമത്തിന്റെ മദ്ധ്യസ്ഥനാകയാൽ, അതിന്റെ വിശേഷതക്കു ഒത്തവണ്ണം വിശേഷതയേറിയ ശുശ്രൂഷയും പ്രാപിച്ചിരിക്കുന്നു. ഒന്നാമത്തെ നിയമം കുറവില്ലാത്തതായിരുന്നു എങ്കിൽ രണ്ടാമത്തേതിനു ഇടം അന്വേഷിക്കയില്ലായിരുന്നു. എന്നാൽ അവൻ അവരെ ആക്ഷേപിച്ചുകൊണ്ടു, അരുളി ചെയ്യുന്നതു, 'ഞാൻ യിസ്രായേൽ ഗൃഹത്തോടും യെഹൂദാഗൃഹത്തോടും പുതിയോരു നിയമം ചെയ്യുന്ന കാലം വരും; എന്നു കർത്താവിന്റെ അരുളപ്പാട്. ഞാൻ അവരുടെ പിതാക്കന്മാരെ കൈക്കു പിടിച്ചു മിസ്രയിം ദേശത്തുനിന്നു കൊണ്ടുവന്ന നാളിൽ ഞാൻ അവരോടു ചെയ്ത നിയമം പോലെ അല്ല; അവർ എന്റെ നിയമത്തിൽ നിലനിന്നില്ല; ഞാൻ അവരെ ആദരിച്ചതുമില്ല എന്നു കർത്താവിന്റെ അരുളപ്പാട്'" (എബ്രായർ 8:6–9).*

പഴയ നിയമവും പുതിയ നിയമവും, മോശെയുടെ ന്യായ പ്രമാണവും ക്രിസ്തുവിന്റെ പ്രമാണവും ഒരേ സമയത്ത് ഇന്നു പ്രാബല്യത്തിലിരിക്കുമോ? പലരും പഠിപ്പിക്കുന്നതു "ദൈവത്തിന്റെ ന്യായ പ്രമാണം" ആയ പഴയ നിയമം ഇന്നും പ്രാബല്യത്തിലാണ്, എന്നാൽ "മോശെയുടെ ന്യായപ്രമാണം" (ചട്ടങ്ങളും, വിധികളും, പ്രമാണങ്ങളും, യാഗ നിബന്ധനകളും, മറ്റു വിധികളും, അവർ പറയുന്നതു, "ദൈവത്തിന്റെ ന്യായപ്രമാണ" ത്തിൽ ഉൾപ്പെടുത്താത്തതും) ഇനി പ്രാബല്യത്തിലില്ല. ഈ കൂട്ടങ്ങൾ യിസ്രായേലിന്നു കൊടുത്ത നിയമങ്ങളിൽ ചിലതായ, പരിഛേദന, ധാർമ്മിക നിയമങ്ങൾ, ഭോജന നിയമങ്ങൾ, എന്നിവ എടുക്കയും മറ്റു കല്പനകളെ ത്യജിക്കയും ചെയ്യും.

ദൈവത്തിന്റെ ഉപദേശത്തെ നാം ശരിയായി കൈകാര്യം ചെയ്യണം.

"സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചുകൊണ്ടു ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി ദൈവത്തിന്നു കൊള്ളാവുന്നവനായി നില്പാൻ ശ്രമിക്ക" (2 തിമൊഥെയൊസ് 2:15).

### യേശുവും ന്യായപ്രമാണവും

ന്യായപ്രമാണത്തിലെയും പ്രവാചകന്മാരുടെ എഴുത്തുകളിലേയും കല്പനകൾ ഇപ്പോഴും പ്രാബല്യത്തിലാണോ? യേശുവിന്റെ ഒരു പ്രസ്താവന വ്യാഖ്യാനിച്ചുകൊണ്ടു ഭൂമി നിലവിലുള്ളിടത്തോളം അവ തുടരും എന്നു പറയുന്നു. "'ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കേണ്ടതിന്നു വന്നു എന്നു നിരൂപിക്കരുത്; നീക്കുവാനല്ല, നിവർത്തിപ്പാനത്രേ ഞാൻ വന്നതു. സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു, ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും വരെ, സകലവും നിവൃത്തിയാകുംവരെ, ന്യായപ്രമാണത്തിൽ നിന്നു ഒരു വള്ളി എങ്കിലും പുള്ളി എങ്കിലും ഒരു നാളും ഒഴിഞ്ഞു പോകയില്ല'" (മത്തായി 5:17, 18).

ഈ വേദഭാഗം പല പ്രധാനപ്പെട്ട ഉൾക്കാഴ്ച്ചകൾ നല്കുന്നുണ്ട്: (1) യേശുവിന്റെ വരവിന്റെ ഉദ്ദേശം ന്യായ പ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കുകയായിരുന്നില്ല. (2) മറിച്ചു, അവൻ വന്നതു, അവ, നിവർത്തിപ്പാനത്രെ. (3) യേശു ന്യായ പ്രമാണത്തെക്കുറിച്ചു മാത്രമല്ല സംസാരിച്ചതു, പ്രവാചകന്മാരുടെ വാക്കുകളെക്കുറിച്ചും പറഞ്ഞു. (4) ദൈവം – നല്കിയ പ്രവചനങ്ങൾ എല്ലാം നിറവേറി കഴിയുമ്പോൾ ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും. (5) തന്നെക്കുറിച്ചുള്ള പ്രവാചകന്മാരുടെ ഓരോ പ്രവചനവും തീർച്ചയായും നിറവേറുക തന്നെ ചെയ്യും എന്നു യേശു തീർത്തു പറഞ്ഞു. (6) പ്രവചനങ്ങൾ നിറവേറി കഴിയുമ്പോൾ, അവ ഒഴിഞ്ഞുപോകും (അതായതു, അവ പിന്നീടു നിറവേറേണ്ടതായിട്ടില്ല).

യേശു പറഞ്ഞതു (1) ആകാശവും ഭൂമിയും ഒഴിയുന്നതുവരെ ന്യായ പ്രമാണ കല്പനകളും പ്രവാചകന്മാരുടെ വാക്കുകളും ഉണ്ടാകും എന്നോ (2) അവയുടെ മുഴുവൻ അർത്ഥവും കൊടുപ്പാനോ ആണ് താൻ വന്നതു എന്നുമല്ല യേശു പറഞ്ഞതു (ചില തർജ്ജിമക്കാർ നല്കുന്ന ആശയം പോലെ[1]).

അതേ ഘടനയിൽ യേശു പറയുന്ന മറ്റു വാക്യങ്ങൾ ശ്രദ്ധിക്കുക:

> ഞാൻ വന്നതു നീക്കുവാനല്ല നിവർത്തിപ്പാനത്രേ (മത്തായി 5:17).
>
> ഞാൻ നീതിമാന്മാരെ അല്ല, പാപികളെ അത്രേ വിളിപ്പാൻ വന്നതു (മത്തായി 9:13).
>
> സമാധാനമല്ല, വാൾ അത്രേ വരുത്തുവാൻ ഞാൻ വന്നതു (മത്തായി 10:34).
>
> ലോകത്തെ വിധിപ്പാനല്ല, ലോകത്തെ രക്ഷിപ്പാനത്രേ ഞാൻ

വന്നിരിക്കുന്നതു (യോഹന്നാൻ 12:47).

യേശു നീതിമാന്മാരേയും പാപികളേയും വിളിപ്പാനാണ് വന്നത് (മത്തായി 28:19), സമാധാനം ഉണ്ടാക്കുവാനാണ് അവൻ വന്നതു (യോഹന്നാൻ 14:27), വിധിപ്പാനുമാണ് (യോഹന്നാൻ 5:22). ഈ വാകൃങ്ങളിൽ എന്തെങ്കിലും വൈപരീത്യം ഉണ്ടോ? ഒന്നുമില്ല. ഈ പ്രസ്താവനകൾ ഗ്രീക്കു ഘടനയിലുള്ളതാണ്, അതിനർത്ഥം "നോട്ട് സോ മച്ച് ഏ ആസ് ബി" എന്നാൽ അവൻ "നോട്ട് ഏ അറ്റ് ആൾ ബട്ട് ബി എക്സ്ക്ളൂസിവ്‌ലി." ഓരോ പ്രസ്താവനയിലെ സെക്ഷൻ ഏയോടു കൂടെ "വെറും" അല്ലെങ്കിൽ "മാത്രം" എന്നു ഉൾപ്പെടുത്തണം, അങ്ങനെയാണ് ഈ വേദഭാഗത്തിലെ ചൊല്ലുകൾ മനസ്സിലാക്കേണ്ടത്: "നീതിമാന്മാരെ മാത്രമല്ല, പാപികളെയും"; "വെറും സമാധാനമല്ല, വാൾ കൂടെ"; "വെറുതെ വിധിക്കുവാനല്ല, ലോകത്തെ രക്ഷിപ്പാൻ കൂടെയാണ്"; "ന്യായപ്രമാണത്തെ നീക്കുവാൻ മാത്രമല്ല, നിവർത്തിപ്പാൻ കൂടെയാണ്."

ഈ ചിത്രീകരണം പരിഗണിക്കുക. ഒരാൾ കടയിൽ നിന്നു പലയിനം സാധനങ്ങൾ വാങ്ങി. അതു കിട്ടിയപ്പോൾ, അയാൾ അതിനു വില കൊടുത്തില്ല, എന്നാൽ പിന്നീടു നല്കാമെന്ന ഉറപ്പിനു ഒപ്പിട്ടു കൊടുത്തു. ഒരാഴ്ച്ച കഴിഞ്ഞു. സാധനം വാങ്ങിയ ആൾ കടയിൽ വന്നു, അയാൾ ഉടമസ്ഥനു വീണ്ടും ഒരുറപ്പു നൽകി. "ഞാൻ വന്നതു ബില്ലു നീക്കുവാനല്ല; അതു നിവർത്തിപ്പാനത്രേ ഞാൻ വന്നതു. ഈ ബില്ലിലെ ഒരു പൈസ പോലും തന്നു തീർക്കാതെ ഈ വർഷം കടന്നു പോകയില്ല."

ഈ സാഹചര്യത്തിൽ ചില വസ്തുതകൾ സ്പഷ്ടമാണ്: (1) ഉപഭോക്താവു ബില്ലിലെ, തുക കൊടുക്കുമെന്നു സ്പഷ്ടമാക്കി. (2) ആ വർഷം കടന്നു പോകുന്നതിനു മുൻപു അയാൾ അതു കൊടുക്കും. (3) ഒരിക്കൽ കൊടുത്തുതീർത്താൽ, ആ പേപ്പർ സാധനങ്ങൾ വാങ്ങിച്ചെന്നും അതിന്റെ തുക നല്കിയെന്നും ഉള്ള രേഖയായി അവശേഷിക്കും. പക്ഷെ അതിലെ ഉടമ്പടി പിന്നീടു ബാധകമല്ല. അവസാനം, (4) ബില്ലിലെ തുക കൊടുത്തതുകൊണ്ട്, പിന്നെ അതു കൊടുക്കേണ്ട ബാധ്യതയില്ല. (അതു വീണ്ടും വീണ്ടും കൊടുക്കേണ്ട ആവശ്യമില്ല.)

അതു ന്യായപ്രമാണവും പ്രവാചകന്മാരുടെ വാക്കുകളും സംബന്ധിച്ചും വാസ്തവമാണ്. യേശു വന്നതു അവയെ വെറുതെ നീക്കി കളയുവാനല്ല, നിവർത്തിപ്പാനത്രേ. അവൻ എന്തു ചെയ്യുമെന്നു ന്യായപ്രമാണവും പ്രവാചകന്മാരും പറഞ്ഞിരുന്നുവോ, അതെല്ലാം അവൻ ചെയ്തപ്പോൾ നിറവേറി. അവൻ അവ നിറവേറ്റി കഴിഞ്ഞപ്പോൾ, അവ ഒഴിഞ്ഞുപോയി. അവൻ നിറവേറ്റിയപ്പോൾ, അവ നീങ്ങിപ്പോയില്ലായിരുന്നെങ്കിൽ, യേശു വീണ്ടും വീണ്ടും മരിക്കയും ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യണമായിരുന്നു. അവൻ ഒരിക്കലായി, എന്നേക്കുമായി അവ നിറവേറ്റിയതുകൊണ്ട് പിന്നീട് അതിന്റെ ആവശ്യമില്ല (ലൂക്കൊസ് 24:44; 1 കൊരിന്ത്യർ 15:3, 4; എബ്രായർ 10:11, 12).

ഗ്രീക്കുവാക്കായ *പ്ലേരൂ* എന്നതു തർജ്ജിമ ചെയ്തതാണ്

''ഫുൾഫിൽ'' എന്നതു, അർത്ഥം "പ്രവാചകൻ മുന്നറിയിച്ചതു, പൂർത്തിയാക്കുക, ഒരു പ്രവചനം നിവർത്തിയാക്കുക" (മത്തായി 1:22; 2:15, 17, 23); "ആവശ്യമുള്ളതു പൂർത്തിയാക്കുക, അല്ലെങ്കിൽ അവസാനിപ്പിക്കുക" (മത്തായി 3:15; മർക്കൊസ് 1:15; ലൂക്കൊസ് 7:1); "ടു ഫുൾ ഫിൽ" (മത്തായി 13:48; 23:32; ലൂക്കൊസ് 3:5). *പ്ലേരു* ഉപയോഗിച്ചിരിക്കുന്നതല്ലാതെ മറ്റൊരു സന്ദർഭവും മത്തായി 5:17 ന്റെ തർജ്ജിമ യേശു വന്നതു ന്യായപ്രമാണത്തിനും പ്രവാചകവാക്യങ്ങൾക്കും അർത്ഥം നല്കുവാനാണ് എന്നതു ന്യായീകരിക്കാവുന്നതല്ല. ആ സന്ദർഭത്തിൽ യേശു സംസാരിച്ചതു പ്രവചനവും മുൻനിഴലും നിവർത്തിപ്പാനാണ് താൻ വന്നതു എന്നാണ്.

ഈ വേദഭാഗം എടുത്തു ന്യായപ്രമാണം നീങ്ങുകയില്ല എന്നു വ്യാഖ്യാനിച്ചാൽ, യേശുവും പുതിയ നിയമ എഴുത്തുകാരും തമ്മിൽ പ്രകടമായ വൈപരീത്യം ഉള്ളതായി നാം പ്രകടമാക്കുകയായിരിക്കും ചെയ്യുന്നത്. ദൈവം യിസ്രായേലിന്നു കൊടുത്ത പഴയ പ്രമാണം, ന്യായപ്രമാണം നീക്കി കളഞ്ഞു എന്നു പല വേദ വാക്യങ്ങളും ഉറപ്പിച്ചു പറയുന്നുണ്ട്. കൂടാതെ, ന്യായ പ്രമാണത്തിനു മാറ്റം വരുമെന്നു യേശു തന്നെ പറഞ്ഞിട്ടുമുണ്ട്.

> അവൻ അവരോടു "ഇങ്ങനെ നിങ്ങളും ബോധമില്ലാത്തവരോ? പുറത്തുനിന്നു മനുഷ്യന്റെ അകത്തു ചെല്ലുന്ന യാതൊന്നിനും അവനെ അശുദ്ധമാക്കുവാൻ കഴികയില്ല എന്നു തിരിച്ചറിയുന്നില്ലയോ? അതു അവന്റെ ഹൃദയത്തിൽ അല്ല വയറ്റിൽ അത്രേ ചെല്ലുന്നതു, പിന്നെ മറപ്പുരയിലേക്കു പോകുന്നു" (അങ്ങനെ സകല ഭോജ്യങ്ങൾക്കും ശുദ്ധി വരുത്തുന്നു എന്നു പറഞ്ഞു.) (മർക്കൊസ് 7:18, 19).

ആഹാരത്തെ ശുദ്ധവും അശുദ്ധവുമെന്നു ന്യായപ്രമാണം വേർതിരിക്കുന്നുണ്ട്. അതുകൊണ്ട് യേശു ഭോജ്യനിയമങ്ങളെ മാറ്റി (കൂടാതെ 1 തിമൊഥെയൊസ് 4:3–5 നോക്കുക).

ആരാധനാ സ്ഥലത്തെ സംബന്ധിച്ചു കല്പിച്ച കല്പനക്കും മാറ്റം ഉണ്ടാകുമെന്നു യേശു സൂചിപ്പിച്ചു. യോഹന്നാൻ 4:21–ൽ നാം വായിക്കുന്നു, "യേശു അവളോടു, 'സ്ത്രീയേ, എന്റെ വാക്കു വിശ്വസിക്ക, നിങ്ങൾ പിതാവിനെ നമസ്കരിക്കുന്നതു ഈ മലയിലും അല്ല, യെരുശലേമിലും അല്ല എന്നുള്ള നാഴിക വരുന്നു.'" ന്യായപ്രമാണ പ്രകാരം, യെഹൂദന്മാർ ദൈവത്തെ നമസ്കരിക്കേണ്ടിയിരുന്നതു ദൈവം തിരഞ്ഞെടുത്ത സ്ഥലമായിരുന്ന യെരുശലേമിൽ ആയിരുന്നു (ആവർത്തന പുസ്തകം 12:5, 11, 14, 18), അതായതു, യെരുശലേം (1 രാജാക്കന്മാർ 11:13; പ്രവൃത്തികൾ 8:27). ആ ചട്ടം മാറുമെന്നാണ് യേശു പറഞ്ഞതു.

### പൗലൊസും ന്യായപ്രമാണവും

ജാതികൾ പരിഛേദന ഏല്ക്കുകയും മോശെയുടെ ന്യായപ്രമാണം ആചരിക്കുകയും വേണം എന്ന പരീശ വിഭാഗത്തിലെ ഒരു കൂട്ടരുടെ

ഭിന്നാഭിപ്രായത്തെക്കുറിച്ചു തീരുമാനം എടുക്കുവാൻ പൗലൊസും ബർന്നബാസും യെരുശലേമിലെ അപ്പൊസ്തലന്മാരുടെയും മൂപ്പന്മാരുടെയും അടുക്കൽ ചെന്നു (പ്രവൃത്തികൾ 15:5). ആ വിവാദത്തെക്കുറിച്ചു "ഒരു നിർദ്ദേശവും കൊടുക്കാതെ" ആണ് അദ്ധ്യക്ഷന്മാർ ജാതികൾക്കു കത്തു കൊടുത്തയച്ചത് (പ്രവൃത്തികൾ 15:24). പരിമിതമായ നിബന്ധനകളായിരുന്നു ജാതികൾക്കു നല്കിയിരുന്നത് (പ്രവൃത്തികൾ 15:29), പക്ഷെ ന്യായപ്രമാണം ജാതികളെ ബാധിക്കുന്നില്ല എന്നു കത്തു സ്പഷ്ടമാക്കുകയും ചെയ്തു.

"ന്യായപ്രമാണം" എന്നു പുതിയ നിയമത്തിൽ പറഞ്ഞിരിക്കുന്നതും, പഴയ നിയമ കല്പനകൾ എന്നു പറഞ്ഞിരിക്കുന്നതും, ദൈവം യിസ്രായേലിന്നു കൊടുത്ത നിയമം ആണ്. മോശെ പറഞ്ഞതു യെഹൂദന്മാർ ചെയ്യാതിരുന്നപ്പോൾ അവർ ദൈവത്തിന്റെ കല്പനകളെ മാറ്റി നിർത്തിയിരിക്കുന്നതായിട്ടാണ് യേശു പറഞ്ഞതു (മർക്കൊസ് 7:8-13). ലൂക്കൊസും പഠിപ്പിച്ചതു മോശെയുടെ പ്രമാണം എന്നതു യഹോവയുടെ ന്യായപ്രമാണം ആയിട്ടാണ് (ലൂക്കൊസ് 2:22-24). "ന്യായപ്രമാണം" എന്ന പേരിൽ ദൈവം വിവിധ കല്പനകൾ നല്കിയിരുന്നതായി പൗലൊസും (റോമർ 2:20-23; 7:7; 13:8-10) യാക്കൊബും പറഞ്ഞിട്ടുണ്ട് (യാക്കൊബ് 2:10, 11). "മോശെയുടെ ന്യായപ്രമാണം," "യഹോവയുടെ ന്യായപ്രമാണം," "ന്യായപ്രമാണം" എന്നിവയെല്ലാം സൂചിപ്പിക്കുന്നതു ഒരേ നിയമത്തെ – ദൈവത്തിന്റെ നിയമം യിസ്രായേൽ ദേശത്തിനു കൊടുത്തതിനെയാണ് പറയുന്നത് (ആവർത്തനപുസ്തകം 4:7, 8). ആ നിയമത്തെയാണ് യേശു നീക്കി പകരം യേശുവിന്റെ നിയമം നല്കിയതു.

പൗലൊസ് നിയമത്തെ വിവാഹവുമായി താരതമ്യം ചെയ്തു പറയുന്നുണ്ട്, ഭർത്താവ് ജീവനോടെ ഇരിക്കുന്നേടത്തോളം അവൾ ഭർത്താവുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. ഈ താരതമ്യത്തിൽ അവന്റെ തീർപ്പു പരിഗണിക്കുക: "അതുകൊണ്ടു, സഹോദരന്മാരേ, നാം ദൈവത്തിന്നു ഫലം കായ്ക്കുമാറു മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റവനായ വേറൊരുവന്നു ആകേണ്ടതിന്നു, നിങ്ങളും ക്രിസ്തുവിന്റെ ശരീരം മുഖാന്തരം, ന്യായപ്രമാണ സംബന്ധമായി മരിച്ചിരിക്കുന്നു" (റോമർ 7:4). ഇതേ ആശയം പൗലൊസ് ഗലാത്യർ 2:19-ൽ നല്കുന്നുണ്ട്: "ഞാൻ ദൈവത്തിന്നായി ജീവിക്കേണ്ടതിന്നു, ന്യായ പ്രമാണത്താൽ ന്യായപ്രമാണ സംബന്ധമായി മരിച്ചിരിക്കുന്നു."

റോമർ 7:6 പറയുന്നു, "ഇപ്പോഴോ നമ്മെ പിടിച്ചടക്കിയിരിക്കുന്ന ന്യായപ്രമാണം സംബന്ധിച്ചു മരിച്ചിരിക്ക കൊണ്ടു, അക്ഷരത്തിന്റെ പഴക്കത്തിലല്ല, ആത്മാവിന്റെ പുതുക്കത്തിൽ തന്നേ സേവിക്കേണ്ടതിന്നു നാം ന്യായപ്രമാണത്തിൽ നിന്നു ഒഴിവുള്ളവരായിരിക്കുന്നു." യേശു മുഖാന്തരം നാം ന്യായപ്രമാണ സംബന്ധമായി മരിച്ചിരിക്കുന്നു, അതിനർത്ഥം ന്യായപ്രമാണത്തിനു നമ്മിൽ ഒരധികാരവുമില്ലാത്തതിനാൽ അവ പാലിക്കുവാൻ നമുക്കു ബാധ്യതയുമില്ല.

അതു പൂർണ്ണമായി ചെയ്താൽ, ന്യായപ്രമാണത്തിനു നീതി കൊണ്ടുവരുവാൻ കഴിയുമായിരുന്നു. എങ്ങനെയായാലും, പാപം നിമിത്തം, അതിനു കഴിഞ്ഞില്ല (ഗലാത്യർ 2:21; 3:21, 22). വിശ്വസിക്കുന്ന

വർക്കു, യേശു ന്യായപ്രമാണത്തിന്റെയും നീതിയുടേയും അവസാനം ആകുന്നു (റോമർ 10:4). അതിനർത്ഥം നാം വിശ്വാസത്താലത്രേ നീതീകരിക്കപ്പെടുന്നത് അല്ലാതെ ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാലല്ല, യേശു ന്യായപ്രമാണത്തിന്റെ "അവസാനം" ആകുന്നു.

"അവസാനം" എന്നതു *ടെലോസ്* എന്ന ഗ്രീക്കു വാക്കു തർജ്ജിമ ചെയ്തതാണ്, അതിന്റെ അർത്ഥം "അവസാനം" എന്നു മാത്രമല്ല (മത്തായി 10:22; 24:6; ലൂക്കൊസ് 1:33), "ആചാരം" എന്നും (മത്തായി 17:25; റോമർ 13:7), "നിറവേറൽ," "ഫലം" അല്ലെങ്കിൽ "പരിണിത ഫലം" (ലൂക്കൊസ് 22:37; റോമർ 6:21, 22; യാക്കൊബ് 5:11), "ലക്ഷ്യം" എന്നും അർത്ഥമുണ്ട് (1 തിമൊഥെയൊസ് 1:5). റോമർ 10:4 ലെ സന്ദർഭത്തിൽ, *ടെലോസ്* അതിന്റെ മൂലാർത്ഥം നിലനിർത്തുന്നത് "അവസാനം" അല്ലെങ്കിൽ "പരിസമാപ്തിയിലെത്തിക്കുക" എന്നതാണ്. വാക്യം 1 മുതൽ 3 വരെ യേശുവിലുള്ള വിശ്വാസം മുഖാന്തരമുള്ള നീതീകരണത്തിനു പകരം യെഹൂദ ജനം തങ്ങളുടെ സ്വന്ത നീതി സ്ഥാപിക്കുവാൻ ശ്രമിച്ചതായി പൗലൊസ് പറയുന്നു. യേശുവിന്റെ അനുയായി ആകുന്നതിനു മുൻപു പൗലൊസും ന്യായപ്രമാണത്താൽ തന്റെ സ്വന്ത നീതി സ്ഥാപിക്കുവാൻ ശ്രമിച്ചു; എന്നാൽ അവൻ യേശുവിനെ കണ്ടതു മുതൽ, ന്യായ പ്രമാണത്താലുള്ള നീതിക്കു ശ്രമിച്ചില്ല (ഫിലിപ്പിയർ 3:9). ന്യായപ്രമാണത്താൽ നീതി വരുമെങ്കിൽ ക്രിസ്തു മരിച്ചതു വെറുതെ (ഗലാത്യർ 2:21). നേരെമറിച്ചു, യേശു ന്യായപ്രമാണത്താലുള്ള നീതിയുടെ അവസാനം ആകുന്നു. യേശുവിൽ വിശ്വസിക്കുന്നവർ, ന്യായപ്രമാണത്താൽ നീതീകരണം അന്വേഷിക്കുന്നതു അവസാനിപ്പിച്ചു. കാരണം യേശു ന്യായപ്രമാണത്താലുള്ള നീതീകരണത്തെ നീക്കി കളഞ്ഞു.

ഗലാത്യർ 3:19-ൽ ന്യായപ്രമാണം എത്രത്തോളം തുടരും എന്നു പൗലൊസ് വെളിപ്പെടുത്തി: "പിന്നെ ന്യായപ്രമാണം എന്തിനു? വാഗ്ദത്തം ലഭിച്ച സന്തതി വരുവോളം അതു ലംഘനം നിമിത്തം കൂട്ടിച്ചേർത്തതും, ദൂതന്മാർ മുഖാന്തരം മദ്ധ്യസ്ഥന്റെ കയ്യിൽ ഏല്പിച്ചതുമത്രേ" യേശു ആണ് ആ സന്തതി എന്നു യേശു മുൻപു വ്യക്തമാക്കി (ഗലാത്യർ 3:16). യേശു വരുന്നതുവരെ ആളുകളെ ന്യായപ്രമാണത്താൽ നിർക്കർഷിച്ചിരുന്നു എന്ന വസ്തുത അർത്ഥമാക്കുന്നതു അവന്റെ വരവിൽ ന്യായപ്രമാണത്തിനു അവസാനമാകും എന്നാണ്.

ഈ ചിന്ത ഏതാനും വാക്യങ്ങൾക്കുശേഷം തുടരുന്നുണ്ട്:

> വിശ്വാസം വരും മുമ്പെ, നമ്മെ വെളിപ്പെടുവാനിരുന്ന വിശ്വാസത്തിന്നായിക്കൊണ്ടു ന്യായപ്രമാണത്തിൻകീഴിൽ, അടെച്ചു സൂക്ഷിച്ചിരുന്നു. അങ്ങനെ നാം വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിന്നു ന്യായപ്രമാണം ക്രിസ്തുവിന്റെ അടുക്കലേക്കു നടത്തുവാൻ, നമുക്കു ശിശുപാലകനായി ഭവിച്ചു വിശ്വാസം വന്ന ശേഷമോ നാം ഇനി ശിശുപാലകന്റെ കീഴിലല്ല (ഗലാത്യർ 3:23-25).

ന്യായ പ്രമാണത്തിന്നു വിശ്വാസത്താലുള്ള നീതി നല്കുവാൻ കഴി

ഞ്ഞിരുന്നില്ല; അത് നീതീകരണത്തെ തടഞ്ഞിരുന്നു. ന്യായപ്രമാണം ഒരു ശിശുപാലകൻ ആയിരുന്നു, ഒരു പെഡഗോഗ് (ഗ്രീക്ക്: *പെയിഡ ഗോഗോസ്*) – അക്ഷരികമായി, ഒരു കുട്ടിയെ സംരക്ഷിക്കുന്നവൻ അല്ലെ ങ്കിൽ കുട്ടിയെ – നോക്കുന്നവൻ.

> ധനവാനായ യവനന്മാരോ അല്ലെങ്കിൽ റോമാക്കാരോ ജോലിക്കു വെച്ച അടിമയായിരുന്നു പെഡഗോഗ്, ഒരു കുടുംബത്തിലെ ഒരു കുട്ടിയുടെ ഉത്തരവാദിത്വം അവനെ ഏല്പിക്കും. ആറു വയസ്സു മുതൽ പതി നാറു വയസ്സുവരെ ആ കുട്ടി സ്കൂളിൽ പോകുകയും തിരിച്ചെത്തു കയും ചെയ്യുന്നതിനിടയിൽ അവന്റെ പെരുമാറ്റത്തിനും അവൻ എന്തു ചെയ്താലും ആ അടിമയായിരിക്കും ഉത്തരവാദി.[2]

"കുട്ടിയെ – സംരക്ഷിക്കുന്നവൻ" എന്ന താരതമ്യം പൗലൊസ് നട ത്തുമ്പോൾ, അവൻ കുട്ടിയെ സ്കൂൾ ടീച്ചറുടെ അടുക്കൽ എത്തി ക്കുന്നതുവരെയാണ് അവനു കുട്ടിയുടെ മേൽ നിയന്ത്രണം, അതു കൊണ്ട് യേശുവിന്റെ വരവോടെ, ന്യായപ്രമാണം അതിന്റെ ഉദ്ദേശം നിവർത്തീകരിക്കയും, അവനിൽ വിശ്വസിക്കുന്നവർക്കു നല്കുവാൻ വഴി ഒരുക്കുകയും ചെയ്തു. യേശു വന്നപ്പോൾ, ന്യായപ്രമാണത്തിനു കഴിയാതിരുന്ന രക്ഷ നമുക്കു നല്കി, അങ്ങനെ നാം ഇനി, ന്യായപ്ര മാണം എന്ന ശിശു പാലകന്റെ കീഴിലല്ല (ഗലാത്യർ 3:25).

ന്യായപ്രമാണം യെഹൂദന്മാരെയും ജാതികളെയും വേർപിരിച്ചു, കാരണം യിസ്രായേലിലെ വിവിധ പരിശീലനങ്ങളിൽ നിന്നു പരിച്ഛേ ദന ഏല്ക്കാത്തവരെ മാറ്റി നിർത്തി (പുറപ്പാട് 12:48). ജാതികളുമായി സമ്പർക്കം പുലർത്തുന്നതു നിയമരഹിതമാണെന്നു യെഹൂദന്മാർ വിശ്വ സിച്ചിരുന്നു, കാരണം അവർ അഗ്രചർമ്മികൾ ആയിരുന്നു (പ്രവൃത്തി കൾ 10:28; 11:2, 3; 16:3; 21:28).

ന്യായപ്രമാണത്തെ നീക്കിക്കൊണ്ടു യേശു ഇതിനു മാറ്റം ഉണ്ടാ ക്കി. എഫെസ്യർ 2:14, 15 പറയുന്നു,

> അവൻ നമ്മുടെ സമാധാനം, അവൻ ഇരുപക്ഷത്തെയും ഒന്നാക്കി, ചട്ടങ്ങളും കല്പനകളുമായ ന്യായപ്രമാണം എന്ന ശത്രുത്വം തന്റെ ജഡത്താൽ നീക്കി വേർപാടിന്റെ നടുച്ചുവർ ഇടിച്ചുകളഞ്ഞതു സമാ ധാനം ഉണ്ടാക്കിക്കൊണ്ടു ഇരുപക്ഷത്തെയും തന്നിൽ ഒരേ പുതുമ നുഷ്യനാക്കി സൃഷ്ടിപ്പാനും.

ന്യായപ്രമാണം യിസ്രായേൽ ദേശത്തെ മാത്രം ഉൾപ്പെടുത്തിയിട്ടുള്ള തായിരുന്നു (ആവർത്തനപുസ്തകം 4:7, 8; പുറപ്പാട് 34:27, 28; 1 രാജാ ക്കന്മാർ 8:9, 21), ജാതികളെ ഉൾപ്പെടുത്തിയിട്ടില്ലായിരുന്നു (സങ്കീർത്ത നങ്ങൾ 147:19, 20; റോമർ 2:14). ന്യായപ്രമാണം തുടരുന്ന കാലത്തോളം, യെഹൂദന്മാർക്കും ജാതികൾക്കും യോജിക്കുവാൻ കഴിയുമായിരുന്നില്ല. അവന്റെ ജഡത്താൽ, അവന്റെ മരണത്താൽ (കൊലൊസ്യർ 1:22), യേശു ന്യായപ്രമാണത്തെ നീക്കി (എഫെസ്യർ 2:14, 15); അവൻ

ക്രൂശിൽ വെച്ചു ന്യായപ്രമാണത്തെ അവസാനിപ്പിച്ചു.

"നമുക്കു വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്തു മായിച്ചു," എന്നു പൗലൊസ് എഴുതിയപ്പോൾ, നമ്മുടെ അകൃത്യങ്ങൾ നമ്മോടു ക്ഷമിച്ചതിനെ കുറിച്ചായിരിക്കണം പറഞ്ഞതു (കൊലൊസ്യർ 2:13, 14). അതേ സമയം, പൗലൊസ് സൂചിപ്പിച്ചതു ദൈവം യിസ്രായേലിന്നു കൊടുത്തതായ പ്രമാണങ്ങളിൽ ചിലതു ക്രിസ്ത്യാനികളിൽ ചിലർ അടിച്ചേല്പ്പിക്കാൻ ശ്രമിച്ചിരുന്നതും ആകാം. അങ്ങനെ ചിന്തിക്കുവാനുള്ള കാരണങ്ങൾ താഴെ കൊടുത്തിരിക്കുന്നതു ശ്രദ്ധിക്കുക.

(1) കൊലൊസ്യർ 2:13-ൽ പൗലൊസു പറഞ്ഞതു നമ്മുടെ അകൃത്യങ്ങൾ (ബഹുവചനം) മോചിച്ചു തന്നിരിക്കുന്നു. പിന്നെ വാക്യം 14-ൽ, "സെർട്ടിഫിക്കറ്റ്" എന്നു ചേർത്തിരിക്കുന്നു (ഗ്രീക്ക്: *ചെയിരോഗ്രാഫോൺ*, ഏകവചനം) - അക്ഷരികമായി "കല്പനകൾ" അടങ്ങിയ കയ്യെഴുത്തു പ്രതി (ഗ്രീക്ക്: *ഡോഗ്മാ*) - എടുത്തുകളഞ്ഞു. "കയ്യെഴുത്തുപ്രതി" എന്നു പറഞ്ഞതെന്താണ്? അകൃത്യക്കാരെ ഉദ്ദേശിച്ചാണ് പൗലൊസ് പറഞ്ഞതെങ്കിൽ, അവനു സർവ്വനാമം ആയ "അവരെ" എന്നു എന്തുകൊണ്ട് ഉപയോഗിച്ചുകൂടാ. "ഇതു" എന്നതിനു പകരം "എഴുത്തു" എന്നു പറഞ്ഞു "ക്രൂശിൽ തറെച്ചു നീക്കി എന്നു പറയാമായിരുന്നില്ലേ"?

(2) അവനിൽ ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും നിക്ഷേപം ഗുപ്തമായിരിക്കുന്നതുകൊണ്ടു, യേശു ശ്രേഷ്ഠനാണെന്ന മുഖ്യ വിഷയമായിരുന്നു പൗലൊസ് കൊലൊസ്യർക്ക് എഴുതിയതിലുണ്ടായിരുന്നത് (കൊലൊസ്യർ 2:3). യേശു ശ്രേഷ്ഠനായതുകൊണ്ടു, മറ്റൊന്നും പഠിപ്പിക്കേണ്ട ആവശ്യമില്ല (കൊലൊസ്യർ 2:4, 8). യേശുവിന്റേതല്ലാത്ത ചട്ടങ്ങളും വിധികളും സംബന്ധിച്ചു, കൊലൊസ്യയിലെ ക്രിസ്ത്യാനികൾ യേശുവിനോടുകൂടെ മരിച്ചു. പിന്നെ അവർ എന്തിനാണ് അത്തരം പ്രമാണങ്ങൾക്കു കീഴ്പ്പെടുന്നത് എന്നാണ് പൗലൊസ് ചോദിക്കുന്നത് (ഗ്രീക്ക്: *ഡോഗ്മാറ്റിസോ*, ഒരു ക്രിയയാണ് അർത്ഥം "ചട്ടങ്ങൾക്കു കീഴ്പ്പെടുക"; കൊലൊസ്യർ 2:20).

(3) യേശു അവരുടെ അകൃത്യങ്ങൾ മോചിക്കുക മാത്രമല്ല, അവർക്കു പ്രതികൂലമായിരുന്ന ചട്ടങ്ങളും പ്രമാണങ്ങളും മായിച്ചു നീക്കി കളഞ്ഞു. ആ ചട്ടങ്ങൾ അവരെ ശാപത്തിൻ കീഴാക്കി, അവർക്കു ശത്രുതയായിരുന്നു (ഗലാത്യർ 3:10) യേശു അവയെ തന്റെ ക്രൂശ് മുഖാന്തരം നീക്കി കളഞ്ഞു (ഗലാത്യർ 3:13).

(4) എഫെസ്യർ 2:15-ൽ യേശു "ചട്ടങ്ങളും കല്പനകളും ആയ ന്യായപ്രമാണം നീക്കി കളഞ്ഞു എന്ന് പൗലൊസ് എഴുതി [ഗ്രീക്ക്.: *ഡോഗ്മാ*]." ഗ്രീക്ക് വാക്ക് *ഡോഗ്മാ* ഉപയോഗിച്ചിരിക്കുന്നതു എഫെസ്യയിലെ ന്യായപ്രമാണം എന്നു പറഞ്ഞതിനോടു ഘനം കൂട്ടുന്നു (തീർപ്പായിട്ട് അല്ലെങ്കിലും) കൊലൊസ്യയിൽ അവൻ ഉപയോഗിക്കുന്നതു അതേ കല്പനകളെത്തന്നെയാണ്. എഫെസ്യർ 2:1-15 ഉം കൊലൊസ്യർ 2:11-16 ഉം തമ്മിൽ അടുത്ത സമാനതയുണ്ട്.

(5) ഈ കല്പനകളെ യേശു പരസ്യമായി ക്രൂശിൽ തറെച്ചു അധികാരികളുടെമേൽ ജയം പ്രാപിച്ചു (കൊലൊസ്യർ 2:15). അങ്ങനെ

പൗലൊസ് എഴുതി, "അതുകൊണ്ടു ഭക്ഷണ പാനങ്ങൾ സംബന്ധിച്ചോ പെരുന്നാൾ വാവു ശബ്ബത്ത് എന്നീ കാര്യത്തിലോ ആരും നിങ്ങളെ വിധിക്കരുത്" (കൊലൊസ്യർ 2:16). ക്രിസ്ത്യാനികൾ ഈ കല്പന കളും മറ്റും സംബന്ധിച്ചു ക്രിസ്തുവിനോടുകൂടെ മരിച്ചിരിക്കുന്നു (കൊ ലൊസ്യർ 2:20).

അതു വാസ്തവമാണെങ്കിൽ, പിന്നെ കൊലൊസ്യർ 2:13, 14 ന്റെ അർത്ഥം, സ്നാനത്തിൽ നാം യേശുവിനോടുകൂടെ അടക്കപ്പെട്ടു ഉയിർക്കുമ്പോൾ, നാം ആത്മിയ പരിഛേദനയേറ്റു. നമ്മുടെ വിശ്വാസം പിന്നെ ന്യായപ്രമാണ കല്പനകളിലല്ല, ദൈവ പ്രവൃത്തിയിലാണ്. അത്തരം ചട്ടങ്ങൾ നമുക്കു പ്രതികൂലമായിരുന്നു; അവ ശാപവും മര ണവുമാണ് വരുത്തിയത്. നിഷ്പ്രയോജനമായ ഈ കല്പനകളെ യേശു ക്രൂശിൽ തറെച്ചു നീക്കികളഞ്ഞു.

പൗലൊസ് കൊരിന്തിൽ സഞ്ചരിച്ചപ്പോൾ, "ക്രൂശിക്കപ്പെട്ടവനായ ക്രിസ്തുവിനെ അല്ലാതെ ... മറ്റൊന്നും അറിയാത്തവനായി ഇരിപ്പാൻ നിർണ്ണയിച്ചു" (1 കൊരിന്ത്യർ 2:1, 2). പൗലൊസ് കൊരിന്ത്യർക്ക് എഴു തിയതു കർത്താവിന്റെ കല്പനകൾ ആയിരുന്നു (1 കൊരിന്ത്യർ 14:37), അവന്റെ എഴുത്തിൽ ന്യായപ്രമാണത്തിലെ കല്പനകളോ വിധികളോ ഇല്ലായിരുന്നു.

### എബ്രായരിലെ ന്യായപ്രമാണം

മുൻപുണ്ടായിരുന്ന കല്പന നിഴലായിരുന്നതുകൊണ്ടും, അതിൻ കീഴിലുള്ളവർക്കു പ്രയോജനമില്ലാതിരുന്നതുകൊണ്ടും, നീക്കി കളഞ്ഞി രിക്കുന്നു. എബ്രായർ 7:18, 19 പറയുന്നു, "മുമ്പിലത്തെ കല്പനക്കു, അതിന്റെ ബലഹീനതയും നിഷ്പ്രയോജനവും നിമിത്തം നീക്കവും (ന്യായപ്രമാണത്താൽ ഒന്നും പൂർത്തി പ്രാപിച്ചിട്ടില്ലല്ലൊ), നാം ദൈവ ത്തോടു അടുക്കുന്നതിനുള്ള, ഏറെ നല്ല പ്രത്യാശക്കു സ്ഥാപനവും വന്നിരിക്കുന്നു." പാപം നിമിത്തം നാം അപൂർണ്ണരത്രേ, പൂർണ്ണരല്ല; എന്നാൽ നമ്മുടെ ജീവിതത്തിലെ കുറവുകൾ യേശു പരിഹരിക്കുന്നതു പാപങ്ങൾ നീക്കിക്കൊണ്ടാണ്. ന്യായപ്രമാണവും, അതിലെ യാഗങ്ങ ളും, ആരാധകനെ പൂർണ്ണരാക്കിയില്ല (എബ്രായർ 9:9; 10:1). എങ്ങനെ യായാലും, യേശുവിന്റെ യാഗം ആദ്യ - ജാതന്മാരുടെ സഭയെ എന്നേക്കും തികഞ്ഞവരാക്കിത്തീർക്കുന്നു (എബ്രായർ 12:23), അതു അവൻ മുഖാന്തരം ദൈവത്തിന്റെ അടുക്കൽ വരുന്നവരെയാണ് (എബ്രായർ 10:14). ന്യായപ്രമാണത്തിനു നമ്മെ പൂർണ്ണമാക്കാൻ കഴി യാതിരുന്നതുകൊണ്ടു അതിനെ നീക്കി കളഞ്ഞു (എബ്രായർ 7:18, 19).

ക്രിസ്തീയ കാലത്തിൽ ദൈവത്തിന്റെ സന്ദേശം, തന്റെ പുത്രനായ യേശു മുഖാന്തരമാണ് നല്കിയിരിക്കുന്നത് (എബ്രായർ 1:1, 2). അവൻ പഠിപ്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം തന്റെ അനുയായികളെ പഠിപ്പിക്കണം (മത്തായി 28:20). അവന്റെ കല്പനകൾ ലഭിച്ചവരും അവയെ കാത്തുകൊള്ളുന്നവരും അവനെ സ്നേഹിക്കുന്നവരാണ് അവയെ അനുസരിക്കുന്നത് (യോഹന്നാൻ 14:15, 21, 23; 15:10). യിസ്രാ യേലിന്നു ദൈവം കൊടുത്ത ന്യായപ്രമാണം ഇനി ഒരിക്കലും ക്രിസ്

ത്യാനികളെ ബാധിക്കുകയില്ല.

**ഉപസംഹാരം**

ന്യായപ്രമാണം യെഹൂദന്മാരെയും ജാതികളെയും വേർപെടുത്തി. യേശുവിന്റെ മരണം ആ വേർപാടിന്റെ നടുച്ചുവർ ഇടിച്ചുകളകയും, ക്രിസ്ത്യാനികൾ ക്രിസ്തുവിനോടു കൂടെ മരിച്ചിരിക്കകൊണ്ടു, ന്യായപ്രമാണത്തിന്റെ പ്രവൃത്തികളിൽ നിന്നു ഒഴിവുള്ളവരായി.

ക്രിസ്ത്യാനികൾക്കു, രക്ഷ വരുന്നതു ന്യായപ്രമാണത്താലല്ല - ന്യായപ്രമാണത്തിൽ നിന്നു നമ്മെ മോചിച്ചവന്റെ തികഞ്ഞ യാഗത്താലത്രെ. നമ്മുടെ വിശ്വാസം മോശെയിലും ന്യായപ്രമാണത്തിലും അല്ല, യേശുവിലും അവന്റെ ഉപദേശത്തിലുമാണ്.

---

കുറിപ്പ്

[1]*ദ ന്യു ടെസ്റ്റമെന്റ്, എ ന്യു ഈസി-ടു-റീഡ് വെർഷൻ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1978), 11; *കൺടെമ്പററി ഇംഗ്ലീഷ് വെർഷൻ* (ന്യൂയോർക്ക്: അമേരിക്കൻ ബൈബിൾ സൊസൈറ്റി, 1991), 7. [2]ജെയിംസ് മോണ്ട്ഗോമെറി ബോയിസ് ആന്റ് മെറിൽ സി. ടെന്നി, എഡി., *ദ എക്സ്പോസിറ്റേഴ്സ് ബൈബിൾ കമെന്ററി,* വാല്യം. 10, *റോമൻസ് - ഗലേഷ്യൻസ്,* ജെൻ. എഡി. ഫ്രാങ്ക് ഇ. ഗേബിലിൻ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ളിഷിങ് ഹൗസ്, 1976), 467.

---

## എബ്രായ പുസ്തകത്തിലെ നിയമങ്ങൾ

എബ്രായ പുസ്തകത്തിൽ യേശു മദ്ധ്യസ്ഥനായ നിയമത്തെക്കുറിച്ചു താഴെ കൊടുത്തിരിക്കുന്നവ പറഞ്ഞിരിക്കുന്നു:

1. യേശുവാണ് അതിന്റെ ഉറപ്പ് (7:22).
2. അതു ശ്രേഷ്ഠമായ നിയമമാണ് (7:22; 8:6).
3. യേശുവാണ് അതിന്റെ മദ്ധ്യസ്ഥൻ (8:6; 9:15; 12:24).
4. അതു ശ്രേഷ്ഠമായ വാഗ്ദാനങ്ങളിന്മേൽ സ്ഥാപിച്ചിരിക്കുന്നു (8:6).
5. അതു രണ്ടാമത്തെ നിയമം ആണ് (8:7; 10:9).
6. അതു ഒരു പുതിയ നിയമമാണ് (8:8, 13; 9:15; 12:24).
7. യിസ്രായേലിനെ മിസ്രയിമിൽ നിന്നു കൊണ്ടുവന്നപ്പോൾ കൊടുത്ത നിയമം പോലെ അല്ല അത് (8:9).
8. അതു സ്ഥാപിക്കുവാൻ രക്തം ചിന്തലും, മരണവും ആവശ്യമായി വന്നു (9:16, 18).
9. അതുണ്ടാക്കിയവൻ മരിച്ചശേഷം അതു പ്രാബല്യത്തിൽ വന്നു (9:17).

10. അതു പാപങ്ങളുടെ മോചനത്തിനു കരുണ നല്കുന്നു (8:12; 10:17).
11. ഈ നിയമത്തിന്റെ രക്തം നമ്മെ ശുദ്ധീകരിക്കുന്നു (10:29; കൂടാതെ മത്തായി 26:28; മർക്കൊസ് 14:24; ലൂക്കൊസ് 22:20; 1 കൊരിന്ത്യർ 11:25 നോക്കുക).
12. സിനായ് പർവ്വതത്തിൽ വെച്ചു കൊടുത്തതിലല്ല, ക്രിസ്ത്യാനികൾ ഈ നിയമത്തിലേക്കാണ് വരുന്നത് (12:18-24).
13. ഇതു നിത്യനിയമമാണ് (13:20). ഒരു പക്ഷെ ഇതായിരിക്കാം ദൈവം പ്രവചിച്ച നിത്യ - നിയമം (യിരെമ്യാവു 32:40; യെഹെസ്കേൽ 16:60; 37:26).

മോശെ മദ്ധ്യസ്ഥനായിരുന്ന ന്യായ പ്രമാണത്തെക്കുറിച്ചു എബ്രായ പുസ്തകം പറയുന്നതു താഴെ കൊടുത്തിരിക്കുന്നു:

1. ഇതിനേക്കാൾ ശ്രേഷ്ഠവും, പുതിയതുമാണ്, പുതിയ നിയമം (7:22; 8:6).
2. ഒന്നാമത്തേതിനേക്കാൾ ശ്രേഷ്ഠമായ വാഗ്ദാനങ്ങളാണ് രണ്ടാമത്തേതിൽ (8:6).
3. ഇതിനെ ഒന്നാമത്തെ നിയമം എന്നു വിളിച്ചിരിക്കുന്നു (8:7, 13; 9:1, 15, 18; 10:9).
4. ഇതിനെ പുതിയ നിയമത്താൽ കാലോചിതമല്ലാത്തതാക്കി തീർത്തിരിക്കുന്നു (8:13).
5. എബ്രായലേഖനം എഴുതുമ്പോൾ അതു പഴക്കം ചെന്നു അപ്രത്യക്ഷമാവാനിരുന്നു (8:13).
6. ഈ നിയമത്തിൻ കീഴിലായിരുന്നവരുടെപാപം യേശുവിന്റെ മരണം ക്ഷമിച്ചുകൊടുത്തു (9:15).
7. അതു മൃഗരക്തത്താൽ ഉറപ്പിച്ചതായിരുന്നു (9:18-21).
8. പുതിയ നിയമം പ്രാബല്യത്തിൽ വരേണ്ടതിനു ഇതിനെ എടുത്തു കളഞ്ഞു (10:9).

മോശെയുടെ മദ്ധ്യസ്ഥതയാൽ നല്കപ്പെട്ടതായ, പഴയ നിയമം മാറ്റി, യേശു പുതിയതും, ശ്രേഷ്ഠവുമായ നിയമം കൊണ്ടുവന്നു. ആദ്യ നിയമം ഇനി പ്രാബല്യത്തിലില്ല. "അവൻ രണ്ടാമത്തേതിനെ സ്ഥാപിപ്പാൻ ഒന്നാമത്തേതിനെ നീക്കം ചെയ്തു" (എബ്രായർ 10:9).

യാഗങ്ങൾ മാത്രമെ നീങ്ങിപ്പോയിട്ടുള്ളു എന്നു എബ്രായർ 10:9 എടുത്തു ചിലർ തർജ്ജിമ ചെയ്തിട്ടുണ്ട്: "അതുകൊണ്ടു ദൈവം ആദ്യത്തെ യാഗവ്യവസ്ഥകൾ അവസാനിപ്പിക്കയും തന്റെ പുതിയ വഴി ആരംഭിക്കയും ചെയ്തു" (ഈസി - ടു - റീഡ് വെർഷൻ). "ശരി, അതു നേർച്ചകളും യാഗങ്ങളും മാറ്റി, അവക്കു പകരം നല്കി" (കണ്ടെംപററി ഇംഗ്ലീഷ് വെർഷൻ).

"ആദ്യ" നിയമത്തെ യാഗങ്ങളിൽ പരിമിതപ്പെടുത്തുന്നതു നീതീകരിക്കാവുന്നതല്ല, കാരണം "ആദ്യത്തേത്" എന്നു എബ്രായർ 8 നു ശേഷം പറഞ്ഞിരിക്കുന്ന ആ പഴയ നിയമവും അതുമായി ബന്ധപ്പെട്ട

സേവനങ്ങളും ഉൾപ്പെടുന്നതാണ് (8:7, 13; 9:1, 15, 18). ദൈവം യിസ്രായേലിന്നു നല്കിയ പഴയ നിയമത്തേക്കാൾ എത്രയോ ശ്രേഷ്ഠമാണ് യേശു നല്കിയിരിക്കുന്ന പുതിയ നിയമം എന്നു കാണിക്കുകയാണ് എബ്രായ പുസ്തകത്തിന്റെ മുഴുവൻ ഉദ്ദേശവും (1:1, 2; 3:3–6; 7:19, 22; 8:6).

ക്രിസ്ത്യാനികളായ നാം, തീ കത്തുന്നതും, കാഹളം ഊതുന്നതുമായ സിനായ് പർവ്വതത്തിന്റെ അടുക്കൽ അല്ല വന്നിരിക്കുന്നത് (പുറപ്പാട് 19:18; എബ്രായർ 12:18, 19). നാം വന്നിരിക്കുന്നതു, യേശു മദ്ധ്യസ്ഥനായിരിക്കുന്ന പുതിയ നിയമത്തിലും, യേശുവിന്റെ അടുക്കലും, സ്വർഗ്ഗീയ യെരുശലേമിലും, സിയോൻ പർവ്വതത്തിലുമാണ് (എബ്രായർ 12:22–24).

എബ്രായർ 12:18–24 പൗലൊസിന്റെ ഗലാത്യർ 4:24–26 ലെ ദൃഷ്ടാന്തപരമായ രണ്ടു നിയമങ്ങളെ പ്രതിപാദിക്കുന്നതും - ഒന്നു, സിനായ് പർവ്വതത്തിൽ വെച്ചു തീയുടെ നടുവിൽ നിന്നു നല്കുന്നതു (പത്തു കല്പനകളെ സൂചിപ്പിക്കുന്നു) മറ്റൊന്നു ഉയരത്തിലുള്ള സ്വർഗ്ഗീയ യെരുശലേം, എന്ന ക്രിസ്തുവിന്റെ പുതിയ നിയമം. ഈ രണ്ടു വേദഭാഗങ്ങളും പഠിപ്പിക്കുന്നതു ക്രിസ്ത്യാനികൾ സിനായ് പർവ്വതത്തിൽ വെച്ചു നല്കിയ പഴയ നിയമത്തിന്റെ മക്കളല്ല, പിന്നെയോ യേശു മുഖാന്തരമുള്ള വിശ്വാസം മൂലം പുതിയ നിയമത്തിന്റെ മക്കൾ അത്രേ.

കല്ലിൽ എഴുതപ്പെട്ട പ്രമാണം “നീങ്ങപ്പെട്ടു” എന്നു പൗലൊസ് 2 കൊരിന്ത്യർ 3:16–14–ൽ പൗലൊസ് എഴുതി (വാക്യങ്ങൾ 7, 11; കെജെവി) “നീക്കിക്കളഞ്ഞു” (വാക്യം 13; കെജെവി). സിനായ് പർവ്വതത്തിൽ വെച്ചു പറഞ്ഞതിലേക്കു പോകുന്നതിനു പകരം നാം പുതിയ നിയമത്തിന്റെ മദ്ധ്യസ്ഥനായ (എബ്രായർ 12:24) യേശുവിനു കീഴ്പ്പെടുകയാണ് വേണ്ടതു (എഫെസ്യർ 5:24). ഒന്നാമത്തേതിനെ നീക്കം ചെയ്തു, നാം ഇപ്പോൾ യേശു മദ്ധ്യസ്ഥനായ, പുതിയ നിയമത്തിൻ കീഴിലാണ്.

© 2009 Truth for Today